www.malankaralibrary.com

# യേശുവിന്റെ സ്വർഗ്ഗാ രോഹണ തിരുനാൾ

ഉയിർപ്പുതിരുനാളിന്റെ നാല്പതാം ദിവസം ആഘോഷിക്കുന്ന തിരുനാളാണ് സ്വർഗാരോഹണ തിരുനാൾ. രക്ഷാകരസംഭവത്തിന്റെ പരമകാഷ്ഠയായി സ്വർഗാരോഹണം കരുതപ്പെടുന്നു. മാനവരാശിയെ പാപത്തിന്റെ ബന്ധനത്തിൽ നിന്നും തന്റെ മാംസവും രക്തവും നൽകി മോചിപ്പിച്ച ദൈവസുതൻ തന്റെ പിതാവിന്റെ പക്കലേക്കു മടങ്ങുന്ന ദിവ്യമുഹൂർത്തമാണ് കർത്താവിന്റെ സ്വർഗ്ഗാരോഹണ തിരുനാൾ കാഴ്ചവയ്ക്കുന്നത്.

കുരിശുമരണത്തിനുശേഷം മൂന്നാംനാൾ ഉയർത്തെ ണീറ്റ യേശു 40 ദിവസ ത്തോളം ശിക്ഷ്യന്മാരോ ടൊത്ത് ഭൂമിയിൽ കഴി ഞ്ഞുവെന്നാണ് വേദ പുസ്തകം പറയുന്നത്. മരണത്തെ കീഴടക്കി മാനവരാശിക്ക് പാപ മോചനത്തിന്റെയും പ്രത്യാശയുടെയും പ്രതീകമായി ഉത്ഥാനം ചെയ്ത യേശു ശിഷ്യർക്ക് ഉപദേശവും മാർഗ ദർശനങ്ങളും സ്നേഹവും പ്രദാനം ചെയ്തുകൊണ്ട് ഭൂമിയിൽ 40 ദിവസങ്ങൾ ചിലവഴിച്ചശേഷം ശിക്ഷ്യന്മാരുടെ സാന്നിദ്ധ്യത്തിൽ സ്വർഗ്ഗത്തിലേക്ക്ആരോഹണം ചെയ്തതായി വേദപുസ്തകം വ്യക്തമാക്കുന്നു.

## യേശുവിന്റെ സ്വർഗാരോഹണം

കരങ്ങൾ ഉയർത്തി അവരെ അനുഗ്രഹിച്ചു കൊണ്ടിരിക്കെ അവിടുന്ന് സ്വർഗത്തിലേക്ക് എടുക്ക പ്പെട്ടു. ഒരു മേഘം അവരു ടെ ദൃഷ്ടിയിൽ നിന്ന് അവി ടുത്തെ മറച്ചുകളഞ്ഞു. അവി ടുന്ന് ദൈവത്തിന്റെ വലതുഭാഗത്ത് ഉപവി ഷ്ടനായി.യേശു തന്റെ ഭൂമിയിലെ ജീവിതം അവസാനിപ്പിച്ച് സ്വർഗ രാജ്യത്തിലേക്ക് ആരോ ഹണം ചെയ്യുന്ന സംഭവം മർക്കോസ്, ലൂക്ക സുവിശേഷങ്ങളിലും നടപടി പുസ്തകത്തിലും ഇങ്ങനെയാണ് വിവരിക്കുന്നത്.

കുരിശിൽ തൂങ്ങി മരിച്ച യേശു, മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റ ശേഷം നാൽപതു ദിവസം ശിഷ്യൻമാർക്കൊപ്പം ഉണ്ടായി രുന്നതായാണ് വിശ്വസിക്കപ്പെടുന്നത്. അതു കൊണ്ടു തന്നെ ഉയിർപ്പു തിരുനാളിനു ശേഷമുള്ള നാൽപതാം ദിവസം വ്യാഴാഴ്ചയാണ് സ്വർഗാരോഹണ തിരുനാൾ. എന്നാൽ, പല ദേവാലയങ്ങളിലും തിരുനാൾ ആഘോഷം തൊട്ടടുത്ത ഞായറാഴ്ചയാണ് നടത്തുന്നത്. ജനങ്ങളുടെ സൗകര്യാർഥം തിരുനാൾ ദിനം ഞായറാഴ്ചയിലേക്കു മാറ്റാൻ തിരുസഭ അനുവാദം നൽകിയിട്ടുമുണ്ട്.

ബേഥനിയായിലെ ഒലിവെറ്റു മലയിൽ നിന്നാണ് യേശു സ്വർഗാരോഹണം ചെയ്തതെന്നാണു വിശ്വാസം. മർക്കോസ് 16: 19-20, ലൂക്ക 24: 50-53, നടപടി 1: 9-11 എന്നീ പുതിയനിയമ ഭാഗങ്ങളിൽ യേശു വിന്റെ സ്വർഗാരോഹണത്തെപ്പറ്റി പരാമർശമുണ്ട്. സ്വർഗാരോഹ ണത്തിനു ശേഷം ജറുസലേമിനു സമീപമുള്ള ഒലിവുമലയിൽ നിന്ന് അവർ ജറുസലേമിലേക്കു മടങ്ങി എന്ന നടപടി പുസ്തകത്തിലെ വാക്യത്തിൽ നിന്നാണ് യേശു സ്വർഗാരോഹണം ചെയ്തത് ഇവിടെനിന്നാണ് എന്നു മനസിലാക്കുന്നത്.

ഭൂമിയിലെ തന്റെ ദൗത്യം പൂർത്തിയാക്കി സ്വർഗരാജ്യത്തിലേക്കു മടങ്ങുന്ന യേശുവിനെയാണ് സ്വർഗാരോഹണ തിരുനാൾ ദിനത്തിൽ അനുസ്മരിക്കുന്നത്. തന്റെ രാജ്യത്തിൽ രാജാവാകാൻ യേശു മടങ്ങുകയാണ്. യേശുവിനെ അനുഗമിക്കുകയും അവിടുന്ന് നമ്മെ പഠിപ്പിച്ചതുപോലെ ജീവിക്കുകയും ചെയ്താൽ മരണശേഷം നമ്മളും സ്വർഗത്തിലേക്ക് എടുക്കപ്പെടുമെന്ന് ഈ സംഭവം പഠിപ്പിക്കുന്നു. യേശു മരണത്തിൽ നിന്നു ഉയിർത്തെഴുന്നേറ്റ ശേഷം ഭൂമിയിലു ണ്ടായിരുന്ന ദിവസങ്ങളിൽ ശിഷ്യൻമാരെ പഠിപ്പിച്ചതും ഇതുതന്നെ യായിരുന്നു. വിശുദ്ധ ഗ്രന്ഥങ്ങൾ ഗ്രഹിക്കുവാൻ തക്കവിധം അവരുടെ മനസിനെ അവിടുന്ന് പ്രകാശിപ്പിച്ചതായി ലൂക്കായായുടെ സുവിശേ ഷത്തിൽ പറയുന്നു. തന്റെ സുവിശേഷങ്ങൾ ലോകമെങ്ങും പോയി പഠിപ്പിക്കുവാൻ ശിഷ്യൻമാരെ ശക്തരാക്കാനായി പരിശുദ്ധാത്മാവിനെ അവരുടെ മേൽ അയയ്ക്കുമെന്നും യേശു വാഗ്ദാനം ചെയ്യുന്നുണ്ട്. യോഹന്നാൻ ജലം കൊണ്ട് സ്നാനം നൽകി; എന്നാൽ ഏതാനും ദിവസങ്ങൾക്കുള്ളിൽ നിങ്ങൾ പരിശുദ്ധാത്മാവിനാൽ ജ്ഞാനസ്നാനം സ്വീകരിക്കും. (നടപടി 1:4-5)

സ്വർഗാരോഹണ തിരുനാൾ ദിവസം ദേവാലയങ്ങളിൽ യേശു ഉയിർത്തെഴുന്നേറ്റ ശേഷം ശിഷ്യൻമാർക്കു പ്രത്യക്ഷപ്പെട്ടതും സ്വർഗത്തിലേക്ക് ആരോഹണം ചെയ്യുന്നതുമായ സുവിശേഷഭാഗങ്ങൾ വായിക്കും. ഉയിർപ്പ് തിരുനാൾ ദിവസം ദേവാലയത്തിൽ സ്ഥാപിച്ച ഉത്ഥാനം ചെയ്ത യേശുവിന്റെ രൂപം മാറ്റുകയും ദുഃഖശനിയാഴ്ച ദിവസം കത്തിച്ച പെസഹാതിരി കെടുത്തുകയും ചെയ്യും.

യേശു സ്വർഗാരോഹണം ചെയ്യുന്ന സംഭവത്തിനു ശിഷ്യൻമാർ സാക്ഷികളായിരുന്നു. യേശു ദൈവമാണ് എന്നതിന്റെ പരസ്യമായ പ്രഖ്യാപനം കൂടിയാണ് ഈ സംഭവം. രണ്ടു മാലാഖമാർ ഇതിനുശേഷം ശിഷ്യൻമാർക്കു പ്രത്യക്ഷപ്പെട്ട് യേശുവിന്റെ രണ്ടാം വരവിനെപ്പറ്റി അവരോട് സംസാരിക്കുന്നതായും നടപടി പുസ്തകത്തിൽ വായിക്കാം. അവിടുന്ന് സ്വർഗത്തിലേക്ക് കരേറുന്നത് അവർ ഉറ്റുനോക്കി കൊണ്ടുനിൽക്കുമ്പോൾ രണ്ടു പുരുഷൻമാർ അവരുടെ സമീപം നിൽക്കുന്നു! അവർ ചോദിച്ചു:എന്തിനാണ് നിങ്ങൾ ആകാശത്തേക്കു നോക്കിനിൽക്കുന്നത്? നിങ്ങളിൽനിന്നു സ്വർഗത്തിലേക്ക് എടുക്കപ്പെട്ട യേശു സ്വർഗത്തിലേക്ക് പോകുന്നതായി നിങ്ങൾ കണ്ട അതേവിധത്തിൽ തന്നെ വീണ്ടും വരും.